GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

05-07-2021

## 1. കർഷകഅവാർഡ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് രണ്ടായിരത്തിയിരുപത് വർഷത്തെ ജില്ലാ - സംസ്ഥാന തല കർഷക അവാർഡിനുള്ള അപേക്ഷകൾ ക്ഷണിച്ചു. ഈ കാലയളവിൽ കാർഷികമേഖലയിലും വിജ്ഞാന വ്യാപനത്തിലും ജൈവ കൃഷിയിലും മട്ടുപ്പാവ് കൃഷിയിലും മറ്റും മികച്ച പ്രവർത്തനം കാഴ്ച്ച വച്ച കർഷകർക്കും, യുവ കർഷകർക്കും, വ്യക്തികൾക്കും, മാധ്യമങ്ങൾക്കും, സ്ക്കൂൾ കോളേജ് വിദ്യാർഥികൾക്കും, അവാർഡുകൾ നൽകുന്നു. വിവിധ അവാർഡുകളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കൃഷി വകുപ്പ് വെബ്സൈററിൽ ലഭ്യമാണ്. കൃഷിഭവനുകൾക്കും പഞ്ചായത്തുകൾക്കും കർഷകരെ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഓരോ വിഭാഗത്തിലും മത്സരിക്കുന്നവർ നിശ്ചിത ഫാറത്തിൽ അപേക്ഷ പൂരിപ്പിച്ച് അടുത്തുള്ള കൃഷി ഭവനിൽ ജൂലൈ ആറാം തീയതിയ്ക്കു മുമ്പായി നൽകേണ്ടതാണ്. കർഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേക്ഷകൾ ജൂലൈ പതിമ്മൂന്നിനു മുമ്പ് ലഭിക്കത്തക്ക വിധം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 03 എന്ന വിലാസത്തിൽ അയ്ക്കേണ്ടതാണ്.

## 2. അറിയിപ്പ്

വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ പദ്ധതിയിലേക്ക് ആടുവളർത്തലിൽ മുൻപരിചയമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 15. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. **അറിയിപ്പ്**

നെടുമുടി കൃഷിഭവൻ പരിധിയിൽ വരുന്ന രണ്ടാം കൃഷിയിറക്കിയ നെൽപാടങ്ങളിൽ വിതച്ച് 20 ദിവസം വരെ പ്രായമായ ചില പാടശേഖരങ്ങളിൽ കരിഞ്ചാഴിയുടെ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി കീടനിരീക്ഷണകേന്ദ്രം അറിയിക്കുന്നു. വളർച്ച മുരടിപ്പ്, നാമ്പ് മഞ്ഞളിപ്പ്, ചെടി ഉരുകിപ്പോകുന്നതുപോലെയും, തണ്ടുതുരപ്പന്റേതിന് സമാനവുമായ ലക്ഷണങ്ങൾ എന്നിവ കാണുന്ന പക്ഷം കർഷകർ അടിയന്തിരമായി കീടനിരീക്ഷണകേന്ദ്രവുമായി **8547865338** എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**ഓൺലൈൻ പരിശീലന പരിപാടികൾ**

4. **തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിൽ കന്നുകാലികളിലെ മഴക്കാലരോഗങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും** എന്ന വിഷയത്തിൽ ഈ മാസം 8-ന് രാവിലെ 8.30 മണി മുതൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താത്പര്യമുള്ളവർ നാളെ വൈകുന്നേരം 5 മണിക്ക് മുമ്പായി 0471-2440911 എന്ന നമ്പരിലോ dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ പേര്, മേൽവിലാസം, വാട്ട്സ് ആപ്പ് നമ്പർ എന്നിവ അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** നാളെ (6-7-2021) ആടുവളർത്തൽ, എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

6. **ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്,** ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് പച്ചക്കറി കൃഷിക്കൊപ്പം മീൻവളർത്തൽ കൂടി സാധിക്കുന്ന അക്വാപോണിക്സ് എന്ന കൃഷി രീതിയിൽ 5 ദിവസത്തെ പരിശീലന പരിപാടി ഈ മാസം 12 മുതൽ 16 വരെയുള്ള തീയതികളിൽ ഓൺലൈനായി നടത്തുന്നു. വിവിധതരം അക്വാപോണിക്സ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സിസ്റ്റം- രൂപ കല്പനകൾ, നിർമ്മാണം, പ്രവർത്തന ഉപയോഗ പരിപാലന രീതികൾ, വാട്ടം ക്വാളിറ്റി ടെസ്റ്റിംങ്ങും, നിയന്ത്രണ മാർഗ്ഗങ്ങളും വളപ്രയോഗ മാർഗ്ഗങ്ങൾ, രോഗ കീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് പ്രൊഫസർ ഡോ. പി.സുശീലയുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കാൻ താല്പര്യമുള്ളവർ **9562338143, 7025498850** എന്നീ നമ്പറുകളിൽ രാവിലെ 10 മണി മുതൽ 4 മണിവരെ ബന്ധപ്പെടുക.

7. **കേരള വെറ്ററിനറി സർവകലാശാല**യുടെ വിജ്ഞാനവ്യാപന വിഭാഗം ഇന്നു വൈകിട്ട് 5 മണിക്ക് **പോത്ത് വളർത്തൽ ആദായകരമാക്കാം ശാസ്ത്രീയ പരിപാലനത്തിലൂടെ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. അസോസിയേറ്റ് പ്രൊഫസർ ഡോ. ജോൺ എബ്രഹാം ആണ് പരിശിലനം നൽകുന്നത്. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. **999 521 3500.** കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

8. **തേനീച്ചവളർത്തലിൽ റബ്ബർബോർഡ്** നാളെ (ജൂലൈ 06) രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലും **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

9. **കോട്ടയം ക്ഷീരവികസന പരിശീലന കേന്ദ്ര**ത്തിൽ വച്ച് ഇന്ന് (05-07-2021) രാവിലെ 11 മുതൽ ക്ഷീരസംഘം പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് വേണ്ടി ഗൂഗിൾ മീറ്റ് മുഖേന പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **0481-2302223.**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 10. കാർഷികസർവകലാശാലയുടെ വിളപരിപാലന നിർദ്ദേശങ്ങൾ

- നെല്ലിൽ ഇലപ്പേൻ ആക്രമണത്തിന് സാധ്യതയുണ്ട്. ഇവ ഇലകളിൽ നിന്ന് നീരൂറ്റികുടിക്കുന്നത് മൂലം ഇലകളുടെ അഗ്രഭാഗം സൂചി പോലെ ചുരുണ്ട് ഇലകൾ കരിഞ്ഞു പോകുന്നു. കീടാക്രമണം രൂക്ഷമാകുകയാണെങ്കിൽ ഇമിഡാക്ലോപ്രൈഡ് 17.8 ശതമാനം 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക.
- കുരുമുളകിന്റെ കുമിൾ രോഗങ്ങളെ പ്രതിരോധിക്കാൻ ഒരു ശതമാനം ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുന്നതിനോടൊപ്പം കോപ്പർ ഓക്സി ക്ലോറൈഡ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തടത്തിൽ ഒഴിച്ച് കൊടുക്കുക.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂ